9130 297

329

7101

**Kerala Gazette No. 34 dated 21st August 1979.**
**PART I** **Section iv**

## GOVERNMENT OF KERALA

### Agriculture (Forest General) Department

### NOTIFICATION

**G. O. Ms. No. 311/79/AD.** *Dated, Trivandrum, 25th July 1979.*

**S.R.O. No. 941/79.**—In exercise of the powers conferred by section 26 of the Kerala Forest Act, 1961 (4 of 1962), the Government of Kerala hereby direct that an area of 0.6070 hectare of land comprised in Survey No. 1203 of Varantharappilly Village in Mukundapuram Taluk in Trichur District (originally included in unsurveyed Reserved Forest) forming part of Kodassery Kunnu Reserve of Palappilly Range, which was declared to be Reserved Forest as per Notification No. Nil dated 16-9-1909/Ist Kanni, 1085 published on pages 84 to 90 of the Cochin Government Gazette dated the 24th Kanni 1085 and more particularly described in the Schedule below, shall cease to be reserved forest with effect from 25-7-1979.

SCHEDULE

Name of Place— Echippara
District—Trichur
Village—Varantharappilly
Sy. No.—1203
Extent—0.6070 hectare

BOUNDARY DESCRIPTION

Survey No. 1203

*North*:—The boundary line starts from cairn No. 1 at the north west corner of the area and proceeds towards north east direction for a distance of 79.0 metres and reaches at cairn No. 2 at the north east corner

*East*:—The boundary line starts from cairn No. 2 at the north east corner and proceeds towards the south east direction to a distance of 77.6 Metres and reaches at cairn No. 3 at the south east corner.

*South*:—The bundary line starts from cairn No. 3 at the south east corner and proceeds towards south west direction to a distance of 15.8 metres and reaches at cairn No. 4. From cairn No. 4 the boundary line turns to right and further proceeds towards south west direction for a distance of 28.0 metres and reaches at cairn No. 5 and thence slightly turns to right and proceeds towards south west direction for a distance of 34 6 metres and reaches at cairn No. 6 at the south west corner.

G. 1271

*West*.—The boundary line starts from cairn No. 6 at the south west corner and proceeds towards north west direction to a distance of 11.6 metres and reaches at cairn No. 7 and then slightly turns to right and further proceeds towards north west direction to a distance of 62.60 metres and reaches at cairn No. 1 at the starting point.

### Explanatory Note

(This does not form part of the notification but is intended to indicate its general purport).

In G. O. MS. 399/68/Agri. dated 27-8-1968 sanction was accorded for the disreservation and transfer of 1.5 acres (0.6070 hectare) of forest land at Echippara which includes a Nursary site and also portion of Muthalamkappu Coupe No. VI to the Revenue Department for allotment to the Education Department for the purpose of the Tribal School at Echippara This notification is intended to achieve the above object.

എസ്. ആർ. ഒ. നമ്പർ. 941/79.—1961-ലെ കേരള വനം ആക്ററ് (1962-ലെ 4) 26-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, താഴെ പട്ടികയിൽ കൂടുതൽ വിശദമായി വിവരിച്ചിട്ടുള്ളതും 1085 കന്നി 24-ാം തീയതിയിലെ കൊച്ചി സർക്കാർ ഗസററിൽ 84 മുതൽ 90 വരെ പേജുകളിൽ പ്രസിദ്ധീകരിച്ച 16-9-1909/1805 കന്നി 1-ലെ നമ്പരില്ലാത്ത വിജ്ഞാപനപ്രകാരം റിസർവ് വനമായി പ്രഖ്യാപിച്ചിട്ടുള്ളതുമായ പാലപ്പിള്ളി റയിഞ്ചിലെ കോടശ്ശേരി കുന്ന് റിസർവ്വിൻെറ ഭാഗമായ തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ വരന്തരപ്പിള്ളി വില്ലേജിൽ സർവ്വെ നമ്പർ 1203-ൽപ്പെട്ട 0.6070 ഹെക്ടർ സ്ഥലം (ആദ്യം അളന്നുതിരിക്കാത്ത റിസർവ് വനത്തിൽ ഉൾക്കൊണ്ടിരുന്നത്) 25-7-1979-ാം തീയതി മുതൽ റിസർവ്വ് വനം അല്ലാതായിത്തീരുന്നതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

#### പട്ടിക

സ്ഥലത്തിൻെറ പേര്:—എച്ചിപ്പാറ
ജില്ല:—തൃശ്ശൂർ
വില്ലേജ്:—വരന്തരപ്പിള്ളി
സർവ്വെ നമ്പർ:—1203
വിസ്തീർണ്ണം:—0.6070 ഹെക്ടർ.

#### അതിർത്തി വിവരങ്ങൾ

സർവ്വേ നമ്പർ—1203

വടക്ക്.—അതിർത്തിരേഖ വടക്കു പടിഞ്ഞാറു മൂലയിൽ 1-ാം നമ്പർ ജണ്ടയിൽ നിന്നുതുടങ്ങിവടക്കുകിഴക്കോട്ട് 79.0 മീററർ ദൂരം സഞ്ചരിച്ച് വടക്കുകിഴക്കേ മൂലയിൽ 2-ാം നമ്പർ ജണ്ടയിൽ എത്തുന്നു.

299

331

<u>കിഴക്ക്.</u>—അതിർത്തിരേഖ വടക്കുകിഴക്കേ മൂലയിലുള്ള 2-ാം നമ്പർ ജണ്ടായിൽ നിന്നും തെക്കുകിഴക്കോട്ട് 77.6 മീററർ ദൂരം സഞ്ചരിച്ച് തെക്കുകിഴക്കേ മൂലയിൽ 3-ാം നമ്പർ ജണ്ടായിൽ എത്തുന്നു.

<u>തെക്ക്.</u>—അതിർത്തിരേഖ തെക്കുകിഴക്കേമൂലയിലുള്ള 3-ാം നമ്പർ ജണ്ടായിൽ നിന്നും തെക്കുപടിഞ്ഞാറ് 13.8 മീററർ ദൂരം സഞ്ചരിച്ച് 4-ാം നമ്പർ ജണ്ടായിലെത്തുന്നു. തുടർന്ന് 4-ാം നമ്പർ ജണ്ടായിൽ നിന്ന് വലത്തോട്ട് തിരിഞ്ഞ് തെക്കുപടിഞ്ഞാറ് 28 മീററർ ദൂരം സഞ്ചരിച്ച് 5-ാം നമ്പർ ജണ്ടായിൽ എത്തുന്നു. 5-ാം നമ്പർ ജണ്ടായിൽ നിന്നും അതിർത്തിരേഖ അൽപ്പം വലത്തോട്ട് തിരിഞ്ഞ് തെക്കുപടിഞ്ഞാറ് 54.6 മീററർ ദൂരം സഞ്ചരിച്ച് തെക്കുപടിഞ്ഞാറെ മൂലയിലുള്ള 6-ാം നമ്പർ ജണ്ടായിൽ എത്തുന്നു.

<u>പടിഞ്ഞാറ്.</u>—അതിർത്തിരേഖ തെക്കുപടിഞ്ഞാറെ മൂലയിലുള്ള 6-ാം നമ്പർ ജണ്ടായിൽ നിന്നും വടക്കുപടിഞ്ഞാറ് 11.6 മീററർ ദൂരം സഞ്ചരിച്ച് 7-ാം നമ്പർ ജണ്ടായിലെത്തുന്നു. 7-ാം നമ്പർ ജണ്ടായിൽ നിന്നും അതിർത്തിരേഖ അൽപ്പം വലത്തോട്ട് ചരിഞ്ഞ് വടക്കുപടിഞ്ഞാറ് 62.6 മീററർ ദൂരം സഞ്ചരിച്ച് വടക്കുപടിഞ്ഞാറെ മൂലയിലുള്ള 1-ാം നമ്പർ ജണ്ടായിൽ തിരിച്ചെത്തുന്നു.

<u>വിശദീകരണക്കുറിപ്പ്</u>

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നില്ല. എന്നാൽ പൊതു ഉദ്ദേശം സൂചിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്.)

27-8-1968-ലെ ജി. ഒ. (എം. എസ്.) 399/68 കൃഷി പ്രകാരം ഒരു ഞാററുകണ്ടവും മുതലകാപ്പുകൂപ്പ് നമ്പർ VI-ന്റെ ഭാഗവും ഉൾപ്പെടുന്ന എച്ചിപ്പാറയിലെ 1.5 ഏക്കർ (0.6070 ഹെക്ടർ) വനഭൂമി റിസർവ്വ് വനമല്ലാതാക്കാനും എച്ചിപ്പാറയിൽ ഒരു ട്രൈബൽ സ്ക്കൂളിന്റെ ആവശ്യത്തിന് വിദ്യാഭ്യാസവകുപ്പിന് അലോട്ടു ചെയ്യാനായി റവന്യൂ വകുപ്പിന് കൈമാററാനുമായി അനുമതി നൽകുകയുണ്ടായി. മേൽപ്പറഞ്ഞ ഉദ്ദേശം സാധിക്കാനുദ്ദേശിച്ചുള്ളതാണ് ഈ വിജ്ഞാപനം.

By order of the Governor,
K. V. VIDHYADHARAN,
*Secretary.*